ശൃംഗാരതിലകം

ദേശമംഗലത്ത് ഉക്കണ്ഡവാരിയർ

ശൃംഗാരതിലകം

കാവ്യം

ദേശമംഗലത്ത് ഉക്കണ്ടവാരിയർ

താളിളക്കം

2020

പേര്: **ശൃംഗാരതിലകം**

ഭാഷ മലയാളം

വിഭാഗം: കാവ്യം

രചന: ദേശമംഗലത്ത് ഉക്കണ്ടവാരിയർ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

ശൃംഗാരതിലകം – കാളിദാസകവിപ്രണീതം

ദേശമംഗലത്ത് ഉക്കണ്ടവാരിയർ

അവതാരിക

സാഹിത്യലോകത്തിൽ കാലെടുത്തുവെച്ചിട്ടുള്ള വൃദ്ധൻമാരും യുവാക്കൻമാരുമെന്നുവേണ്ട ബാലന്മാർ കൂടി അതിലെ സർവ്വനിയന്താവായ ഈശ്വരനെപ്പോലെ ആരാധിച്ചു വരുന്ന ഒരു മഹാപുരുഷനാണല്ലോ കാളിദാസ മഹാകവി .അദ്ദേഹത്തിന്റെ കാവ്യ തല്ലജങ്ങളിൽ പ്രധാനമായിട്ടുള്ളവ കുമാരസംഭവം, രഘുവംശം, മേഘസന്ദേശം എന്നീ മൂന്നു ശ്രവ്യകാവ്യങ്ങളും അഭിജ്ഞാനശാകുന്തളം,വിക്രമോർവശീയം , മാളവികാഗ്നിമിത്രം എന്നീ മൂന്നു ദൃശ്യകാവ്യങ്ങളുമാണെന്ന് ആരോടും തന്നെ പറഞ്ഞറിയിക്കേണ്ടതില്ല .സർവ്വാംഗസുന്ദരമായ സംസ്കൃതഭാഷയിൽ രചിച്ചിട്ടുള്ള ഈ വക അമൂല്യഗ്രന്ഥങ്ങളുടെ സ്വാരസ്യവും ആശയമാധുര്യവും സംസ്കൃതഭാഷാനഭിജ്ഞൻമാർക്ക് അറിയുവാൻ തരമായിരുന്നില്ലെന്നുള്ള ന്യൂനത ഇന്നത്തെ ഭാഷാകവികളുടേയും വ്യാഖ്യാതാക്കന്മാരുടെയും പരിശ്രമം കൊണ്ട് ഏറെക്കുറെ പരിഹൃതമായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.പാശ്ചാത്യന്മാരെന്നുവേണ്ട മറ്റു പല ജാതിക്കാരും ഈ കവികൊകിലത്തിന്റെ ഗ്രന്ഥരത്നങ്ങൾ സ്വഭാഷയിലേക്ക് തർജ്ജമ ചെയ്ത് അവയുടെ മാധുര്യം അനുഭവിക്കുവാൻ തുടങ്ങിയിട്ട് അധികം കാലമായിരിക്കുന്നു. ഇങ്ങിനെ എല്ലാവർക്കും ഒരുപോലെ പൂജ്യനായ ഒരു മഹാകവിയുടെ ഒരു ഗ്രന്ഥരത്നം അല്പം ഒരു വിവരണത്തോടു കൂടി മഹാജനസമ [ii] ക്ഷം അവതരിപ്പിക്കാനുത്സാഹിക്കുന്ന എന്റെ കൃത്യം ഒട്ടും തന്നെ അനുചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

'ശൃംഗാരതിലകം' എന്ന പേരോടുകൂടി പ്രസിദ്ധം ചെയ്തു കാണുന്ന ഈ ഖണ്ഡകൃതി ഋതുസംഹാരം കാവ്യത്തിന്റെ പരിശിഷ്ടമായി ബോംബെ നിർണ്ണയസാഗരം പ്രസ്സിൽ അച്ചടിച്ചിട്ടുള്ളതു പകർത്തി എടുത്തതാണ് .ആ പുസ്തകത്തിൽ കാളിദാസപ്രണീതമെന്നെഴുതിക്കണ്ടതുകൊണ്ടാണു ഞാനും ഇത് കാളിദാസൻ ഉണ്ടാക്കിയതാണെന്നു പറഞ്ഞിട്ടുള്ളത് . യുക്തികൊണ്ടാലോചിച്ചുനോക്കുന്നതായാൽ ആ മഹാകവി ഇങ്ങിനെ ഒരു പുസ്തകം ഉണ്ടാക്കിയിട്ടില്ല. ഇടക്കാലത്ത് ഏതോ ഒരു രസികൻ ഇതെഴുതിയുണ്ടാക്കി തന്റെ പുസ്തകത്തിന്നു പ്രചാരം കിട്ടുവാൻ കാളിദാസപ്രണീതമെന്നെഴുതി'ത്തട്ടിമൂളി'ച്ചതാവാനേ തരമുള്ളു.ഒന്നാമതായി കാളിദാസൻ ശൃംഗാരരസവർണ്ണനയിൽ അദ്വിതീയനും അതിൽ കുറെ അധികം താല്പര്യമുള്ള ആളുമാണെങ്കിലും അദ്ദേഹത്തിൻറെ വർണ്ണനയിൽ അശ്ലീലദ്യോതകമായി ഇത്ര പച്ചയിൽ തുറന്നുപറയുന്നതു കണ്ടിട്ടില്ല

. ഇതിൽ ”മുക്തോരരെത്യേഗുരു: പ്രിയേണ പുരത: പശ്ചാൽഗതോ വിഹ്വല:” എന്നും മറ്റുമുള്ള പ്രയോഗങ്ങൾ ആർക്കും വൈരസ്യം ജനിപ്പിക്കുന്നതായിട്ടല്ലേ ഇരിക്കുന്നത് ?അത്രമാത്രമല്ല,”ഝടുതിപ്രവിശഗേഹം മാബഹിസ്തിഷ്ഠ കാന്തേ” ഇത്യാദിയും ” വസ്ത്രാന്തം ശഠമുഞ്ചമുഞ്ചശ [iii] പഠൈ: കിംധൂർത്ത നിർവ്വഞ്ചസേ” ”കിംമാം നിരീക്ഷസി ഘടേന കടിസ്ഥിതേന” ഇത്യാദിയും മറ്റും കാളിദാസനു വരാവുന്ന തെറ്റുകളാണോ? ചില ദിക്കിൽ തീരെ അനുപത്തി തോന്നിയതു മാറ്റിച്ചേർത്തിട്ടുമില്ലെന്നില്ല.

ഇങ്ങിനെയെല്ലാമാണെങ്കിലും ശൃംഗാരരസികന്മാർക്ക് ഈ പുസ്തകം ഏറ്റവും ആനന്ദപ്രദമായിരിക്കുമെന്നു തന്നെയാണു എന്റെ പൂർണ്ണമായ വിശ്വാസം. ”അപ്പം തിന്നാൽ പോരേ, കുഴി എണ്ണണോ” എന്നു ചോദിക്കാറുള്ളതുപോലെ ഇതിന്റെ കർത്താവിനെ അത്ര തീർച്ചപ്പെടുത്തിയിട്ടു വേണമെന്നില്ലല്ലോ ഇതു വായിച്ചു രസം അനുഭവിപ്പാൻ. ഇതിലെ ഓരോ പദ്യവും ശബ്ദഭംഗികൊണ്ടും ആശയഭംഗികൊണ്ടും കാളിദാസന്റെ കവിതയോടു കിടപിടിക്കുവാൻ യോഗ്യതയുള്ളതുതന്നെയാണു.അതിനാൽ അമൂല്യമായ ഈ ’തിലകം’ എല്ലാ കാമിനീകാമുകന്മാർക്കും വിലയേറിയ ഒരലങ്കാരമായിത്തന്നെ ഇരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.ഇതിൽ ഇനിയും വല്ല അനുപപത്തിയോ സ്ഖാലിത്യമോ കാണുന്നുണ്ടെങ്കിൽ ഗുണപ്രണയികളായ വിദ്വാന്മാർ സദയം ചൂണ്ടിക്കാണിച്ചു തരുമെന്നുള്ള വിശ്വാസത്തോടു കൂടി ഈ ചെറുകൃതി ഇതാ പണ്ഡിതന്മാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

തൃശ്ശിവപേരൂർ,

15-1-1100.

ദേശമംഗലത്ത് ഉക്കണ്ടവാരിയർ.

ശ്രീ

കാളിദാസമഹാകവിപ്രണീതം

ശൃംഗാരതിലകം.

പ്രാചീനകവിപുംഗവന്മാരിലഗ്രേസരനും വിശേഷതഃശൃംഗാരവർണ്ണനയിലദ്വിതീയനും ആയ ശ്രീകാളിദാസമഹാകവി ശൃംഗാരരസനിഷ്യന്ദികളായ ചില പദ്യങ്ങൾകൊണ്ടു ലോകത്തിനു പരമാനന്ദമുളവാക്കുവാൻ മുതിർന്ന് ഒന്നാമതായി വർണ്ണനീയരസത്തിന്നു പ്രധാനാലംബനമായ നായികയുടെ സ്വരൂപത്തെ, വിഷയികൾക്കു പരമനിർവൃതീസ്ഥാനമെന്നു ഭംഗ്യന്തരേണ പ്രതിപാദിക്കുന്നു-

ബാഹൂ ദ്വൗചമൃണാള,മാസ്യകമലം,
ലാവണ്യലീലജലം,
ശ്രോണീതീർത്ഥശിലാച, നേത്രശഫരീ,
ധമ്മില്ലശൈവാലകം,
കാന്തായാഃ സ്തനചക്രവാകയുഗളം,
കന്ദർപ്പബാണാനലൈ-
ർദ്ദഗ്ദ്ധാനാമവഗാഹനായവിധിനാ
രമ്യം സരോ നിർമ്മിതം. 1

സാരം-തീജ്വാലപോലെ അസഹ്യതരമായ കാമബാണങ്ങളേറ്റു ചുട്ടെരിയുന്ന ജനങ്ങൾക്ക് ഇറങ്ങിനിന്നു നിർവൃതിയേല്പാൻ ബ്രഹ്മദേവൻ തന്നെ കമനീയമായ ഒരു തടാകം നിർമ്മിച്ചിട്ടുണ്ട്. അതിൽ സ്വദയിതയുടെ രണ്ടു കരങ്ങളാണു മൃണാളമായിട്ടുള്ളത്. എന്നുമാത്രമല്ല അവളുടെ മുഖത്തെ പൊൽത്താർകുലമായും സൗന്ദര്യധാരയെ ക്രീഡാജലമായും നിതംബബിംബത്തെ സോപാനപങ്ക്തിയായും കണ്ണിണയെ മീനങ്ങളായും വാർകുന്തളത്തെ കരിഞ്ചണ്ടിയായും കൊങ്കമൊട്ടുകളെ ചക്രവാകമിഥുനമായും വിചാരിക്കേണ്ടതാണ്. വളരെക്കാലമായി ദേശാന്തരഗതനായ വല്ലഭന്റെ വിയോഗത്താൽ ദുഃഖിതയായ നായിക വസന്തകാലം വന്നപ്പോൾ അത്യുൽക്കണ്ഠിതയായിത്തീർന്നു നിരാശപ്പെട്ടു വിലപിക്കുന്നു-

ആയാതാ മധുയാമിനി, യദി പുന-
ന്നായാത ഏവ പ്രഭുഃ
പ്രാണായാന്തു വിഭാവസൗ, യദി പുന-
ജ്ജന്മഗ്രഹം പ്രാർത്ഥയേ
വ്യാധഃകോകിലബന്ധനേ, വിധുപരി-

ധ്വംസേച രാഹുഗ്രഹഃ,
കന്ദർപ്പേ ഹരനേത്രദീധിതി,രിയം
പ്രാണേശ്വരേ മന്മഥഃ. 2

സാ- ഹാ ദൈവമേ! വസന്തകാലത്തിലെ രാത്രിസമയവും ഇതാ എത്തിക്കഴിഞ്ഞു. ഇനിയും എന്റെ പ്രാണവല്ലഭൻ വന്നുചേരാതി- രിക്കുന്നതായാൽ എന്റെ പ്രാണങ്ങൾ അഗ്നിലോകത്തിൽ ചെന്നു ചേരട്ടെ. (അഗ്നിയിൽചാടി പ്രാണനാശം വരുത്തുമെന്നഭിപ്രായം) വീണ്ടും ഇഹലോകവാസത്തിൽ എനിക്ക് ആഗ്രഹമുണ്ടാകുന്നതായാൽ, വസന്താഗമത്തിൽ മന്മഥോദ്ദീപകമായ തന്റെ കളകൂജിതത്താൽ വിരഹികൾക്ക് ഉൽക്കണ്ഠയെ ഉണ്ടാക്കിത്തീർക്കുന്ന കുയിലുകളെ ബന്ധിക്കുവാൻ ഒരു വേടനായും, സുധാധവളമായ ചന്ദ്രികാപൂരത്താൽ ലോകത്തെ കാമപരവശമാക്കിത്തീർക്കുന്ന ചന്ദ്രനെ ഗ്രസിക്കുവാൻ ഒരു രാഹുഗ്രഹമായും, സകലരേയും തന്റെ അധീനത്തിലാക്കി നട്ടം തിരിക്കുന്ന മന്മഥനെ നശിപ്പിക്കുവാൻ പരമശിവന്റെ മൂന്നാം തൃക്കണ്ണിലെ തീജ്വാലയായും, വല്ലഭനെ ദയിതാസമാഗമത്തിലുത്സുകനാക്കിത്തീർക്കുവാൻ കന്ദർപ്പനായും ജനിക്കേണ്ടതാണ്. സർവ്വംഗസുന്ദരിയായ ഒരു തരുണീരത്നത്തെ കണ്ടു കാമപരവശനായിത്തീർന്ന ഒരു യുവാവു സ്വേച്ഛാനിവൃത്തിക്കായി പാർത്ഥിച്ചപ്പോൾ ഒട്ടും തന്നെ ആനുകൂല്യം ഭാവിക്കാതിരുന്ന അവളോടു പാരവശ്യത്തോടെ പറയുന്നു-

ഇന്ദീവരേണ നയനം, മുഖമംബുജേന,
കുന്ദേനദന്ത,മധരം നവപല്ലവേന,
അംഗാനിചമ്പകദളൈശ്ച.വിധായ വേധാ:
കാന്തേ! കഥം രചിതവാനുപലേന ചേത: 3

സാ-അല്ലയോ സുന്ദരീരത്നമേ! ബ്രഹ്മദേവൻ കരിങ്കുവലയപ്പൂകൊണ്ട് നിന്റെ കണ്ണിണയും പൊൽത്താമരത്താരുകൊണ്ടു മുഖവും മുല്ല മൊട്ടുകൾ കൊണ്ട് ദന്തനിരയും ചെന്തളിരുകൊണ്ട് അധരവും ചെമ്പകമലരുക്കൊണ്ട് ശേഷമുള്ള അവയവങ്ങളും നിർമ്മിച്ച സ്ഥിതിക്ക് അതികഠിനമായ പാറക്കല്ലുകൊണ്ട് നിന്റെ ഹൃദയം സൃഷ്ടിക്കുവാനുള്ള കാരണമെന്തായിരിക്കും?(അവളുടെ ഹൃദയത്തിന്ന് അത്രയും കാഠിന്യമുണ്ടെന്നഭിപ്രായം.) കാമുകനായ ഒരുവൻ ഒരു സ്ത്രീയുടെ മുഖത്തുനോക്കി അവളുടെ മുഖദർശനം തനിക്ക് അപാരമായ ഭാഗ്യത്തേയും സന്തോഷത്തെയും ജനിപ്പിക്കുന്നതാണെന്നു സൂചിപ്പിച്ചു കൊണ്ട് പറയുന്നു-

ഏകോഹി ഖഞ്ജനവരോ നളിനീദളസ്ഥോ
ദൃഷ്ട: കരോതി ചതുരംഗബലാധിപത്യം
കിം മേ കരിഷ്യതി ഭവദ്വദനാരവിന്ദേ
ജാനാമി നോ നയനഖഞ്ജനയുഗ്മമേതൽ. 4

സാ-അല്ലയോ സുന്ദരി! താമരദളത്തിൽ ഇരിക്കുന്ന ഒരു കരിങ്കുരുകിൽ പക്ഷിയെ കണ്ടാൽ സാധാരണയായി ജനങ്ങൾക്കു ചതുരംഗബലാധിപത്യം സിദ്ധിക്കുകയാണു ഫലം. അങ്ങിനെ ഇരിക്കുന്ന സ്ഥിതിക്ക് ഇന്നു നിന്റെ വദനാരവിന്ദത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണുകളാകുന്ന രണ്ടു കരിങ്കുരുകിൽ പക്ഷികളെ കാണുന്നതുകൊണ്ട് എനിക്ക് എന്താണു ലഭിക്കുവാൻ പോകുന്നതെന്നു ഞാനറിയുന്നില്ല. മുൻ ശ്ലോകത്തിൽ വിവരിച്ച സാരംതന്നെ ഭംഗ്യന്തരേണ പറയുന്നു-

യേ യേ ഖഞ്ജനമേകമേവ കമലേ
പശ്യന്തി ദൈവാൽ ക്വചിൽ
തേ സർവ്വേ കവയോ ഭവന്തി സുതരാം
പ്രഖ്യാതപൃത്ഥ്വിഭുജ:
ത്വദ്വക്ത്രാംബുജനേത്രഖഞ്ജനയുഗം
പശ്യന്തി യേ യേ ജനാ-
സ്തേ തേ മന്മഥബാണജാലവികലാ-
മുഗ്ദ്ധേ കിമിത്യത്ഭുതം. 5

സാ-അല്ലയോ സുന്ദരീരത്നമേ!താമരയിൽ ഇരിക്കുന്ന ഒരു കരിങ്കുരുകിൽപക്ഷിയെ യദൃച്ഛയായി വല്ലിടത്തുവെച്ചും കാണുന്നവരെല്ലാം വലിയ വിദ്വാന്മാരും സർവ്വാധിപത്യങ്ങളുള്ള മഹാരാജാക്കന്മാരുമായിത്തീരുന്നതാണെന്ന് പ്രസിദ്ധമാണല്ലൊ. അല്ലയോ മോഹനാംഗി! എന്നാൽ നിന്റെ വദനാംബുജത്തിൽ നേത്രങ്ങളാകുന്ന ഈ രണ്ടു ഖഞ്ജനങ്ങളെ കാണുന്നവരെല്ലാം കാമദേവന്റെ ശരങ്ങൾക്കു ലാക്കായിത്തീർന്നു വല്ലാതെ കഷ്ടപ്പെടുന്നു. ഇതെന്താണു ഇങ്ങിനെയായിത്തീർന്നത്? വലിയ ആശ്ചര്യംതന്നെ. ഗ്രഹണദിവസം രാത്രി വെളിയിൽ നിൽക്കുന്ന നായികയുടെ മുഖചന്ദ്രനേയും ആകാശത്തിൽ ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രനേയും നോക്കിക്കൊണ്ടു നായകൻ പറയുന്നു-

ഗ്രസതി തവ മുഖേന്ദും പൂർണ്ണചന്ദ്രം വിഹായ

ഝടിതി പ്രവിശ ഗേഹം മാ ബഹിസ്തിഷ്ഠ കാന്തേ!
ഗ്രഹണസമയവേലാ വർത്തതേ ശീതരശ്മേഃ
തവമുഖമകളങ്കം വീക്ഷ്യ നൂനം സ രാഹുഃ
ഗ്രസതി തവ മുഖേന്ദും പൂർണ്ണചന്ദ്രം വിഹായ. 6

സാ-അല്ലയോ പ്രിയതമേ!ഒട്ടും താമസിയാതെ തന്നെ വീട്ടിന്നുള്ളിലേയ്ക്കു പോകുക; ചന്ദ്രഗ്രഹണസമയം ഇതാ അടുത്തിരിക്കുന്നു. നീ അകത്തേയ്ക്കു പോകാതിരിക്കുന്നതായാൽ ആ രാഹുഗ്രഹം കളങ്കത്തോടുകൂടിയ പൂർണ്ണചന്ദ്രനെ ഉപേക്ഷിച്ചു കളങ്കഹീനമായ നിന്റെ മുഖചന്ദ്രനെ നിശ്ചയമായും ഗ്രസിക്കുന്നതാണു. തന്റെ പ്രിയതമനോടുകൂടി രാത്രി മുഴുവൻ നയിച്ചു പ്രഭാതത്തിൽ സംഭോഗചിഹ്നങ്ങളൊന്നുംകൂടാതെ വെളിയിൽ വന്ന നവോഢയായ നായികയോടു സഖി പരിഹാസപൂർവ്വം ചോദിക്കുന്നു.-

കസ്തൂരിവരപത്രഭംഗനികരോ
ഭഗ്നോ ന ഗണ്ഡസ്ഥലേ
നോലുപ്തം സഖി! ചന്ദനം സ്തനതടേ
ധൗതം ന നേത്രാഞ്ജനം
രാഗോന സ്ഖലിതസ്തവാധരപുടേ
താംബൂലസംവർദ്ധിത:
കിം രുഷ്ടാസി ഗജേന്ദ്രമത്തഗമനേ
കിം വാശിശുസ്തേപതിഃ. 7

സാ-അല്ലയോ മത്തേഭ ഗാമിനി! ഇന്നലെ കസ്തൂരി കൊണ്ടു നിന്റെ പൂങ്കവിളിൽ വരച്ചിട്ടുള്ള പത്തിക്കീറ്റുകൾ ഒട്ടുംതന്നെ മാഞ്ഞു കാണുന്നില്ല.മാത്രമല്ല പോർമുലകളിൽ അണിഞ്ഞിരുന്ന ചന്ദനച്ചാത്തും മാഞ്ഞുകാണുന്നില്ല. മിഴികളിലെ അഞ്ജനവും പോയിട്ടില്ല. താംബൂലചർവ്വണത്താൽ അധികമായിട്ടുള്ള അധരരാഗവും ലേശം നശിച്ചു കാണുന്നില്ല. ഇതിനെന്തായിരിക്കും കാരണം? നീ പ്രണയ കുപിതയായിരുന്നുവോ; അഥവാ നിന്റെ കണവൻ മന്മഥലീലയിൽ കേവലം അപരിചിതനായ ഒരു ബാലനായിരുന്നുവോ? പൂർവ്വോക്തമായ ചോദ്യത്തിന്നുത്തരമായി നായിക സഖിയോടു പറയുന്നു-

നാഹം നോ മമ വല്ലഭശ്ച കുപിത:
സുപ്തോ നവാ സുന്ദരോ
വൃദ്ധോനോ നച ബാലക:കൃശതനു-

ന്വ്യാധിതോ നോ ശഠ:
മാം ദൃഷ്ട്വാ നവയൌവനാം ശശിമുഖീം
കന്ദർപ്പബാണാഹതോ
മുക്തോ ദൈത്യഗുരു:പ്രിയേണ പുരത:
പശ്ചാൽഗതോ വിഹ്വല: 8

സാ- അല്ലയോ പ്രിയസഖി!ഞാനും എന്റെ വല്ലഭനും കോപിക്കയുണ്ടായിട്ടില്ല. ഉറങ്ങുകയുമുണ്ടായിട്ടില്ല. അദ്ദേഹം സുന്ദരൻ തന്നെ,വൃദ്ധനുമല്ല,ബാലനുമല്ല.വ്യാധിയാൽ ശരീരം ക്ഷയിച്ചവനുമല്ല. ശഠനുമല്ല. നവയൗവനം വന്നുദിച്ച എന്റെ സൗന്ദര്യാതിശയത്തെക്കണ്ടു കാമപീഡ സഹിക്കാതെയായ ഭർത്താവിനാൽ ആദ്യം തന്നെ ”ദൈത്യഗുരു” മോചിക്കപ്പെട്ടു. പിന്നെ ഇളിഭ്യനായിപ്പോകയും ചെയ്തു.(ദൈത്യഗുരു-രേതസ്സ്) വളരെക്കാലമായി രാജ്യസഞ്ചാരത്തിന്നു പോയിരുന്ന പ്രിയതമൻ തിരിച്ചുവന്ന രാത്രിയിലെ സംഭവങ്ങളെക്കുറിച്ച് സഖി ചോദിച്ചതിനു നായിക മറുപടി പറയുന്നു–
സമായാതേ കാന്തേ കഥമപിചകാലേന ബഹുനാ
കഥാഭിർദ്ദേശാനാം സഖി!രജ നിരർദ്ധം ഗതവതി
തതോ യാവല്ലീലാകലഹ കുപിതാസ്മിപ്രിയതമേ
സപത്നിവ പ്രാചീദിഗിയമഭവത്താവദരുണാ. 9

സാ-അല്ലയൊ പ്രിയതോഴി! വളരെക്കാലം കൊണ്ട് എങ്ങിനെയോ കഷ്ടപ്പെട്ട് എന്റെ പ്രാണനാഥൻ എത്തിച്ചേർന്നുവെങ്കിലും രാത്രിയിൽ പകുതിയും ഓരോ ദേശവൃത്താന്തങ്ങളെപ്പറഞ്ഞു കൊണ്ടുതന്നെ കഴിഞ്ഞുപോയി. അനന്തരം ഭർത്താവു മാർക്രീഡയ്ക്കായി മുതിർന്നപ്പോൾ ഞാൻ പ്രണയകോപം നടിച്ച് അല്പം സമയം കഴിച്ചുകൂട്ടി. അപ്പോഴയ്ക്കും അതാ! എന്റെ സപത്നിയെപ്പോലെ കിഴക്കെ ഗിക്ക് അരുണവർണ്ണയായിത്തീർന്നിരിക്കുന്നു. (നേരം പുലർന്നുപോയി എന്നു സാരം.) ജലപൂരിതമായ ഒരു കുടത്തെ തന്റെ നിതംബത്തിൽ ചുമന്നുകൊണ്ടു വരുന്ന ഒരു സ്ത്രീയെക്കൊണ്ട് ഒരു രസികൻ തന്നെത്താൻ പറയുന്നു——-
ശ്ലാഘ്യം നീരസകാഷ്ഠതാഡനശതം,
ശ്ലാഘ്യഃ പ്രചണ്ഡാതപഃ,
ക്ലേശഃശ്ലാഘ്യതരഃസുപങ്കനിചയൈഃ,
ശ്ലാഘ്യോതിദാഹോനലൈഃ,
യൽ കാന്താ കചപാർശ്വബാഹലതികാ
ഹിന്ദോളലീലാസുഖം

ലബ്ധം കംഭവര ! ത്വയാ നഹി സുഖം
ദുഃഖൈർവിനാലഭ്യതേ. 10

സാ — അല്ലയോ ശ്രേഷ്ഠകംഭമേ ! കുലാലൻ നിന്നെ ഉണ്ടാക്കുന്ന സമയം ഉണങ്ങിയ കൊട്ടിവടികൊണ്ടു നൽകിയിട്ടുള്ള അനേകം താഡനങ്ങൾ നീ അനുഭവിച്ചതും, അതികഠിനമായ വെയിലത്തിരുന്നു ചുട്ടു പൊരിഞ്ഞിട്ടുള്ള തും, സർവ്വാംഗവും ചളി പൂശി കഷ്ടതയേറ്റിട്ടുള്ളതും, തീയിൽ കിടന്നു ദഹിച്ചിട്ടുള്ളതും എല്ലാം നിനക്ക് ഏറ്റവും ശ്ലാഘ്യം തന്നെയായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ ഈ കാമിനിയുടെ സ്തനങ്ങളോടു ചേർന്നിരുന്ന് അവളുടെ കോമളമായ കൈകൾകൊണ്ടുള്ള ആലിംഗനസുഖം നിനക്കു ലഭിച്ചുവല്ലോ. ദുഃഖം ധാരാളം അനുഭവിക്കാതെ ആക്കും ഒരു കാലത്തും സുഖമനുഭവിപ്പാൻ സാധിക്കുന്ന തല്ലല്ലോ. രാത്രി മുഴുവൻ അന്യസ്ത്രീയോടുകൂടി രമിച്ചു പ്രഭാതത്തിൽ വന്നു പ്രണയകുപിതയായ സ്വദ്‌യിതയെ അനുനയിപ്പാൻ തുടന്ന നായകനോടു നായിക പറയുന്നു.

കിം കിം വക്രതമുപേത്യചുംബസിബലാ-
ന്നില്ലജ്ജ ലജ്ജാ ന തേ
വസ്ത്രാന്തം ശഠ ! മുഞ്ച മുഞ്ച ശപഥൈഃ
കിം ധൂർത്ത നിവഞ്ചസേ.
ഖിന്നാഹം തവരാത്രിജാഗരതയാ
താമേവയാഹി പ്രിയാം
നിമ്മാല്യോജ്ത്ഡിതപുഷ്പദാമനികരേ
കാഷൾപദീനാം രതിഃ 11

സാ — ഹാ ! നാണംകെട്ടവനേ ! നീ ബലാൽക്കാരമായി വന്ന് എന്റെ മുഖത്തു ചുംബിപ്പാൻ തുടങ്ങുന്നുവോ ! ലജ്ജയില്ലല്ലോ. ഹെ ശഠ! തുണിയുടെ തുമ്പു വിടു, വിടു, ധൂർത്ത ! ഒരോന്നു സത്യം ചെയ്തു നീ എന്നെ വഞ്ചിക്കുന്നുവോ? രാത്രി മുഴുവൻ ഉറക്കം കൂടാതെ കഴിക്കേണ്ടിവന്നതിൽ ഞാൻ വളരെ വ്യസനി ക്കുന്നു' ആ പ്രിയതമയുടെ അടുക്കൽതന്നെ പോയി ക്ഷീണം തീർക്കുക. രാത്രി മുഴുവൻ ചാർത്തി പ്രഭാതത്തിൽ നിർമ്മാല്യമായിത്തള്ളിയ വാടിയ പുഷ്പങ്ങളിൽ വണ്ടുകൾക്ക് അഭിരുചി ഉണ്ടാകുമോ? സന്ധ്യാസമയത്തു തന്റെ ഗൃഹത്തിൽ വന്നുചേർന്ന പഥികനെ കണ്ടു കാമാതുരയായ ഒരു തരുണി വ്യാജേന തന്റെ അഭിലാഷത്തേയും സൗന്ദര്യത്തേയും സൂചിപ്പിച്ചു കൊണ്ടു പറയുന്നു-

വാണിജ്യേനഗത: സമേ ഗൃഹപതി-

ർവ്വാർത്താ പി ന ശ്രൂയതേ
പ്രാതസ്തജ്ജനനീ പ്രസൂതതനയാ
ജാമാതൃഗേഹം ഗതാ
ബാലാഹം നവയൗവനാ നിശി കഥം
സ്ഠാതവ്യമേകാകിനീ
സായം സമ്പ്രതിവർത്തതേ പധിക!
ഹേ സ്ഥാനാന്തരം ഗമ്യതാം. 12

സാ- അല്ലയോ പഥ ക! എന്റെ ഭർത്താവും വീട്ടുടമസ്ഥനമായ ആൾ കച്ച വടത്തിന്നായി ദേശാന്തരത്തിലേക്കു പോയിരിക്കുന്നു. വളരെക്കാലമായി അദ്ദേഹത്തിന്റെ ഒരു വർത്തമാനവും കൂടി കേൾപ്പാനില്ല. അദ്ദേഹത്തിന്റെ അമ്മയാകട്ടെ മകൾ പ്രസവിച്ചു കിടക്കയാകകൊണ്ട് ഇന്നു രാവിലെ ജാമാതാവിന്റെ വീട്ടിലേയ്ക്കും പോയിരിക്കുന്നു. ഞാനോ കഷ്ടിച്ചു യൗവനം തികഞ്ഞ ഒരു ബാലയാകുന്നു. ഇന്നു രാത്രി ഞാനെങ്ങിനെയാണാവോ തനിയെ കഴിച്ചുകൂട്ടേണ്ടത്. നേരവും ഇതാ സന്ധ്യയായിത്തുടങ്ങി. നിങ്ങൾ വേറെ വല്ല സ്ഥലവും നോക്കിപ്പുറപ്പെട്ടുകയായിരിക്കും നല്ലത്. തന്റെ വീട്ടിൽ വന്നു കിടന്നുറങ്ങുന്ന പഥികനെ കണ്ടു കാമാതുരയായ ഒരു യുവതി അർദ്ധരാത്രിയിൽ വല്ല വിധവും അയാളെ വിളിച്ചുണർത്തി ഭംഗ്യന്തരേണ തന്റെ അഭിലാഷത്തെ സൂചിപ്പിച്ചുകൊണ്ട് പറയുന്നു.-
യാമിന്യേഷാബഹുളജലദൈർബ്ബദ്ധഭീമാന്ധകാരാ
നിദ്രായൊതോമമപ്തിരസൌഖ്ലേശിത:കർമ്മദു:ഖൈ:
ബാലാചാഹംഖലുഖലഭയാല്പ്രാപ്തഗാഢപ്രകമ്പാ
ഗ്രാമശ്ചൗരൈരയമുപഹത:പാൻഥ!നിദ്രാംജഹീഹി.

സാ-അല്ലയോ പഥിക! വേഗം ഉണർന്നെണീക്കുക. ഇതാ ഈ അർദ്ധരാത്രി സമയം കാർമ്മേഘങ്ങളിടതിങ്ങി വല്ലാതെ ഇരുട്ടായിരിക്കുന്നു. എന്റെ ഭർത്താവാണെങ്കിൽ പകൽ മുഴുവൻ ഓരോ പ്രാരാബ്ധദു:ഖങ്ങളനുഭവിച്ച് ഇതാ തളർന്നു കിടന്നുറങ്ങുന്നു.ഞാനോ വയസ്സുതികയാത്ത ഒരു യുവതിയാണല്ലോ.കള്ളന്മാരെ ഭയന്ന് എന്റെ ശരീരമിതം കിടുകിട വിറയ്ക്കുന്നു. ഈ ഗ്രാമത്തിൽ കള്ളന്മാരുടെ ഉപദ്രവം അധികമായിട്ടുണ്ടുതാനും.(അതുകൊണ്ട് അല്ലയോ പാന്ഥ!. വേഗം ഉണരു ഉണരു.) വൈദ്യന്റെ അടുക്കലേയ്ക്കു പോകുന്ന രോഗാതുരനായ ഒരുവനും അയാളുടെ സരസനായ സ്നേഹിതനും തമ്മിൽ സംസാരിക്കുന്നു—
ക്വഭ്രാതശ്ചലിതോസി; വൈദ്യകഗൃഹേ,

കിംത, ദ്രുജാം ശാന്തയേ,
കിം തേ നാസ്തി സഖേ ! ഗൃഹേ പ്രിയതമാ
സർവം ഗദം ഹന്തി യാ
വാതം രൽകചകംമേർദ്ദനവശാൽ
പിത്തം ഉു വകത്രാമൃതാൽ
ശ്ലേഷ്മാണം വിനിഹന്തി ഹന്ത ! സുരത–
വ്യാപാരഖേദശ്രമാൽ. 14

സാ –ചോ – എടോ ചങ്ങാതി! താനെങ്ങോട്ടാണ് പുറപ്പെട്ടിരിക്കുന്നതു ? ഉ- വൈദ്യനെ ഒന്നു കാണേണ മെന്നുകരുതി അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു പുറപ്പെട്ടതാണ്. ചോ- ഏഃ എന്തിനാണതു ? ഉ - (വിശേഷിച്ചൊന്നുമുണ്ടാ യിട്ടില്ല.) ചില ദിനങ്ങളെല്ലാമുള്ളത് ഒന്നു ഭേമോവുമോ എന്നു പരീക്ഷിപ്പാൻ വേണ്ടിയാണ്. ചോ - അല്ല ; തന്റെ വീട്ടിൽ ഭാര്യയില്ലേ ? അവൾ മതിയല്ലൊ ത്രിദോഷജങ്ങളായ എല്ലാ രോഗങ്ങളെയും മാറ്റുവാൻ. എങ്ങിനെയെന്നാൽ, അവളുടെ സ്തനകലശങ്ങൾകൊണ്ടു മർദ്ദിക്കുന്നതായാൽ വാതസംബന്ധമായ എല്ലാ രോഗവും നശിക്കുന്നതാണ്. (പിഴിഞ്ഞുത്തിന്നു സമമാണെന്നു താല്പര്യം.) അധരാമൃതം പാനംചെയ്യുന്നതുകൊണ്ടു പിത്തജനങ്ങളായ രോഗങ്ങളും നശിച്ചു പോകും. (അമൃതാദി കഷായതുല്യമാണെന്നു താൽപര്യം.) സുരതക്രീഡയിലുള്ള അദ്ധ്വാനാധിക്യം കൊണ്ടു കഫജരോഗങ്ങളും ഇല്ലാതാവുന്നതാണ്. (ദേഹത്തെ ശോഷിപ്പിക്കുന്ന ഔഷധത്തിന്നു തുല്യമാണെന്നു താൽപ്പര്യം.) പ്രിയാവിര ഹിതനായ ഒരു യുവാവു വർഷക്കാലം വന്നപ്പോൾ അത്യുൽക്കണ്ഠിതനായി വികാരങ്ങളെ ഉള്ളിൽ ഒതുക്കുവാൻ വഹിയാതെ തന്റെ പ്രിയതമയെ സംബോ ധംചെയ്തു തന്നെത്താൻ പറയുന്നു –

യത്ത്വന്നേത്രസമാനകാന്തി സലിലേ
മഗ്നം തദിന്ദീവരം
മേഘൈരന്തരിതഃപ്രിയേ ! തറമുഖ-
ച്ഛായാനുകാരി ശശീ
യേപിത്വദ് ഗമനാനുസാരിഗതയ-
സ്തേമ്മരാജഹംസാ ഗതാഃ
ത്വൽസാദൃശ്യവിനോദമാത്രമപിമേ
ദൈവേന നക്ഷമ്യതേ. 15

സാ- അല്ലയോ പ്രിയതമേ ! നിന്റെ മിഴികളോടു സാദൃശ്യമുള്ള ഇന്ദീവരം

ഇതാ വെള്ളത്തിൽ ആണ്ടുപോയി. നിന്റെ മുഖത്തോടു കിടപിക്കുവാൻ യോഗ്യതയുള്ള ചന്ദ്രനും കാറിനുള്ളിൽ മറഞ്ഞിരിക്കുന്നു. നിന്റെ ഗമനഭംഗിയെ അനുസരിച്ച നടകുന്ന അരയന്നങ്ങളെ (മാനസസരസ്സിലേയ്ക്കു) പോയികഴിഞ്ഞു. ഇങ്ങിനെ നിന്റെ അവയവങ്ങളോടു സാദൃശ്യം വഹിക്കുന്ന വസ്തുക്കളെക്കണ്ടാനന്ദിക്കുവാൻ കൂടി ദൈവം എന്നെ അനുവദിക്കുന്നില്ല.

ചന്ദ്രശ്ചണ്ഡകരായതേ മൃദുഗതി–
ർവ്വാതോപി വജ്രായതേ
മാല്യം സൂചികലായതേ മലയജാ –
ലേപഃ സ്ഫുലിംഗായതേ
ആലോകസ്തിമിരായതേ വിധിവശാൽ
പ്രാണോപി ഭാരായതേ
ഹാഹന്ത! പ്രമദാവിയോഗസമയഃ
കല്പാന്തകാലായതേ. 16

സാ —ചന്ദ്രൻ സൂര്യനെപ്പോലെ അസഹ്യമായ രശ്മി പൊഴിക്കുന്നു. മന്ദമാരുതസ്പർശം വജ്രം ഏൽക്കുന്നതുപോലെ വേദനയുണ്ടാക്കുന്നു. മാല ധരിക്കുന്നതു ശരീരം മുഴുവൻ സൂചി തറയ്ക്കുന്നതു പോലെയിരിക്കുന്നു. ചന്ദനച്ചാറു പൂശുന്നതു ദേഹത്തിൽ തീക്കോരിച്ചൊരിയും പോലെയിരിക്കുന്നു. എന്തിന്നധികം പറയുന്നു; വിധിവൈഭവത്താൽ പ്രാണൻതന്നെഒരുഭാരമായിത്തീർന്നിരിക്കുന്നു. ഹാ ! കഷ്ടം 1 പ്രിയതമ സമീപത്തിൽ ഇല്ലാത്ത സമയം കല്പാന്തകാലംപോലെ അസഹ്യമായിരിക്കുന്നു. കാര്യ്യാന്തരഗൌരവത്താൽ അന്യദേശത്തേയ്ക്കു പുറപ്പെട്ടിരിക്കുന്ന വല്ലഭനെ, വിരഹഖേദാസഹയായ നായിക ആലിംഗനം ചെയ്തുകൊണ്ടു പറയുന്നു—

പ്രാണേശ! വിജ്ഞപ്തിരിയംമദീയാ
തത്രൈവ നേയാ ദിവസാഃ കിയന്തഃ
സമ്പ്രത്യയോഗ്യസ്ഥിതിരേഷ ദേശഃ
കരാഃ ഹിമാംശോരപി താപയന്തി. 17

സാ!....!.18−−!..−−.19−−−!.,.−−−!.−−−!,...−.21,,.−−,22−−−,,.−−!1,?−−!.!..?−−−−−.−−.24−−−,...(=.

പ്രസാധകർ
താളിളക്കം